"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- പാലക്കാട് ജില്ലയിലെ ഞാങ്ങട്ടൂർ എ . യു . പി . എസ് സ്കൂളിലെ ജൂനിയർ ഉറുദു (പാർട്ട്ടൈം )അദ്ധ്യാപകനായ ശ്രീ . മൊയ്തീൻ എം . വി . ബഹു . ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.11467/2021 മേലുള്ള 12/07/21 ലെ വിധിന്യായം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.718/2022/GEDN തീയതി,തിരുവനന്തപുരം, 10-02-2022

---

പരാമർശം:-

1. ശ്രീ . മൊയ്തീൻ എം . വി . ബഹു . ഹൈക്കോടതിയിൽ ഫയൽ ചെയ്ത 11467/2021 നം റിട്ട് ഹർജി
2. 9/2/2021 ലെ സ.ഉ.(സാധാ) നം. 1300/2021/പൊ.വി.വ നമ്പർ ഉത്തരവ്
3. ശ്രീ . മൊയ്തീൻ എം . വി . ബഹു . ഹൈക്കോടതിയിൽ ഫയൽ ചെയ്ത 11467/2021 നം റിട്ട് ഹർജിയിന്മേലുള്ള 12/07/2021 ലെ വിധിന്യായം
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 1/10/2021 ലെ ബ2/8456/2021 നമ്പർ റിപ്പോർട്ട്.
5. 13/9/21, 11/10/21, 2/12/21 എന്നീ തീയതികളിലെ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സി/1525/2021 കത്തുകൾ
6. 03/02/2022 ലെ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സി/1525/2021 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഞാങ്ങട്ടൂർ എ . യു . പി . എസ് സ്കൂളിലെ ജൂനിയർ ഉറുദു പാർട്ട്ടൈം അദ്ധ്യാപകനായ ശ്രീ . മൊയ്തീൻ എം . വി . ബഹു . ഹൈക്കോടതിയിൽ പരാമർശം 1 പ്രകാരം ഫയൽ ചെയ്ത 11467/2021 നം റിട്ട് ഹർജിയിന്മേലുള്ള പരാമർശം 3 ലെ വിധിന്യായത്തിൽ Ext.P8 ഉത്തരവ് Set aside ചെയ്യുകയും ഹർജിക്കാരന്റെ നിയമനാംഗീകാരം ഹർജിക്കാരൻ , മാനേജർ എന്നിവരെ നേരിൽ കേട്ടതിനുശേഷം Ext. P2, P3, P4 എന്നിവയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ച് 3 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട് .

2. ചുമതലപ്പെടുത്തിയതു പ്രകാരം 08/10/2021 തീയതിയിൽ വീഡിയോ കോൺഫറൻസ് മുഖേന കേൾക്കുന്നതിനായി ഹർജിക്കാരന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ഹാജരായില്ല . ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഹാജരായിരുന്നു . 22/10/2021 തീയതിയിൽ നേരിൽ കേൾക്കുന്നതിനായി നോട്ടീസ് അയച്ചുവെങ്കിലും ഹാജരായില്ല . 1/11/2021 ൽ ഹർജിക്കാരന്റെ അംഗീകൃത നോമിനിയെ

നേരിൽ കേട്ടു . മാനേജർ ഹാജരായിരുന്നില്ല.

3. 01/06/2015 പ്രാബല്യത്തിൽ തന്റെ പാർട്ട്ടൈം ഉറുദു തസ്തികയിലെ നിയമനത്തിന് അംഗീകാരം നൽകണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

4. സർക്കാർ ഇക്കാര്യം നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

5. **Ext. P2** എന്നത് 31/03/2016 ൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച തസ്തിക നിർണ്ണയ ഉത്തരവാണ് . 2015-16 ലെ തസ്തിക നിർണ്ണയ ഉത്തരവിൽ V മുതൽ VII വരെ ക്ലാസ്സുകളിൽ ഉറുദു പഠിക്കുന്നതിനായി 14, 12, 3 എന്ന ക്രമത്തിൽ 29 കുട്ടികൾ ഉണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . 29/01/2016 ലെ G.O(P) 29/2016/ പൊ . വി . വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 2015-16 ലെ തസ്തിക നിർണ്ണയ ഉത്തരവ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ചിട്ടുള്ളത് . തസ്തിക നിർണ്ണയ റിപ്പോർട്ടിൽ 29 കുട്ടികൾ ഉറുദു പഠിക്കുന്നതിന് ലഭ്യമാണെന്ന് രേഖപ്പെടുത്തുകയും സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഉറുദു പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച് വ്യക്തതയില്ലെന്ന് പറയുകയും ചെയ്തത് സംബന്ധിച്ച് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടതനുസരിച്ച് പരാർശം (6) പ്രകാരം ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

"29/01/2016 ലെ G.O.(P)No. 29/2016/GEDN ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2011-12 മുതൽ 2015-16 വരെയുള്ള 5 വർഷത്തെ തസ്തികനിർണ്ണയ ഉത്തരവുകൾ വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ തയ്യാറാക്കേണ്ട സാഹചര്യം ഉണ്ടായിരുന്നു. 31/03/2016 ൽ ഇറക്കിയ തസ്തിക നിർണ്ണയ ഉത്തരവിനു അവലംബമാക്കിയത് സ്കൂളുകളിൽ നിന്നും ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിലാണ്. സ്കൂളിൽ നിന്നും ലഭിച്ച കണക്ക് പ്രകാരം 2015-16 വർഷത്തിൽ 29 കുട്ടികൾ ആണ് സ്കൂളിൽ ഉള്ളതായി യു.ഐ.ഡി ലിസ്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സമർപ്പിച്ച ലിസ്റ്റിൽ ഉറുദു പഠിക്കുന്നതായി ആരുടേയും നേരെ രേഖപ്പെടുത്തിയിരുന്നില്ല. കുട്ടികളുടെ എണ്ണം ഉണ്ടെങ്കിലും അവരുടെ യു.ഐ.ഡി ലിസ്റ്റ് പരിശോധിച്ചതിൽ ഉറുദു പഠിക്കുന്നതിനെ കുറിച്ചുള്ള വിശദമായ വിവരങ്ങളോ രക്ഷിതാക്കളിൽ നിന്നുള്ള സമ്മതപത്രമോ സമർപ്പിച്ചിരുന്നില്ല. മതിയായ കുട്ടികൾ ഇല്ലാത്തതിനാലും ഉള്ള കുട്ടികളുടെ വിവരങ്ങൾ കൃത്യമല്ലാത്തതിനാലും പുതിയ തസ്തിക അനുവദിക്കാതിരിക്കുകയാണുണ്ടായത്. തുടർന്ന് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചപ്പോൾ എ.ഇ.ഒ വിനോട് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരിട്ട് പരിശോധിച്ച് അന്വേഷണം നടത്തുകയും യാതൊരു കാരണവശാലും ഒരു ഉറുദു പോസ്റ്റിനു സാധ്യത ഇല്ലെന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ് (പകർപ്പ് സമർപ്പിക്കുന്നു). സൂചന (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി 5 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ (ഉപജില്ലയിലെ എല്ലാ സ്കൂളുകളുടേയും) നടത്തേണ്ടിവന്ന സാഹചര്യത്തിൽ അബദ്ധവശാൽ ഉറുദു പഠിക്കുന്ന കുട്ടികളുടെ എണ്ണം ഉത്തരവിൽ രേഖപ്പെടുത്തിയതാണ്."

6. **Ext.P3** എന്നത് 2015-16 അധ്യയന വർഷത്തെ 5,6,7 ക്ലാസ്സുകളിലെ ക്ലാസ്സ് തിരിച്ചുള്ള പ്രൊമോഷൻ ലിസ്റ്റാണ് . ഓരോ ക്ലാസ്സിൽ നിന്നും മാർക്കിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിച്ച് അടുത്ത ക്ലാസ്സിലേക്ക് വിദ്യാർത്ഥികൾക്ക് പ്രമോഷൻ നൽകുന്ന രേഖയാണിത് . ക്ലാസ്സ് ടീച്ചർ , പ്രധാനാധ്യാപകൻ എന്നിവർ ഇതിൽ ഒപ്പ് രേഖപ്പെടുത്തുന്നു . മാന്വൽ ആയി തയ്യാറാക്കിയിട്ടുള്ള പ്രസ്തുത ലിസ്റ്റിൽ കുട്ടികൾ ഏതു വിഷയം പഠിച്ചു എന്ന് തെളിയിക്കുന്നതിനുള്ള അടിസ്ഥാന രേഖയായി

കണക്കാക്കാൻ സാധിക്കുകയില്ല .

7. **Ext. P4** എന്നത് 21/10/2016 ൽ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി സ്കൂൾ സന്ദർശിച്ച റിപ്പോർട്ടാണ് സ്കൂൾ വിസിറ്റ് ചെയ്യുന്ന സമയത്ത് സ്കൂൾ രേഖകൾ പരിശോധിച്ചതിൽ ഉറുദു പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച വിശദാംശങ്ങളോ ലിസ്റ്റോ ലഭ്യമായിരുന്നില്ലെന്നുമാണ് റിപ്പോർട്ടിൽ പറയുന്നത് .

8. 31/03/2007 ൽ ടി സ്കൂളിലെ പാർട്ട് ടൈം ഉറുദു തസ്തികയിലെ വിരമിക്കൽ ഒഴിവിലാണ് 01/06/2015 ലെ ശ്രീ. മൊയ്തീന്റെ നിയമനം എന്നത് ടി സ്കൂൾ മാനേജർ ശ്രീ.മൊയ്തീന്റെ അപ്പോയിന്റ്മെന്റ് ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 31/03//2007 നു ശേഷം ഉർദു പഠിക്കാൻ വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ ടി സ്കൂളിൽ ഉർദു തസ്തിക അനുവദിച്ചിട്ടില്ല. ഉർദു പഠിപ്പിക്കാൻ ടി സ്കൂളിൽ അധ്യാപകരും ഉണ്ടായിരുന്നില്ല. ഉർദു പഠിക്കാൻ വിദ്യാർത്ഥികളും പ്രസ്തുത വിഷയം പഠിപ്പിക്കാൻ അധ്യാപകരും ഇല്ലാതെ 8 വർഷം കഴിഞ്ഞതിനു ശേഷം ഉണ്ടാകുന്ന തസ്തിക അധിക തസ്തികയായിട്ടാണ് കണക്കാക്കുന്നത്. അത്തരം തസ്തികകളിലെ നിയമനം അധിക തസ്തികയിലെ നിയമനമായിട്ടാണ് കണക്കാക്കുന്നത്.31/03/2007 നു ശേഷം ടി സ്കൂളിൽ ഉറുദു പഠിക്കുന്നതിനു കുട്ടികൾ ഉണ്ടായിരുന്നില്ല. ഉർദു പഠിക്കാൻ കുട്ടികൾ ഇല്ലാത്തതിനാൽ ടി സ്കൂളിൽ അവരെ പഠിപ്പിക്കുന്നതിനു ദിവസവേതനാടിസ്ഥാനത്തിലുള്ള അധ്യാപകരും ഉണ്ടായിരുന്നില്ല എന്ന് തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. 2015-16 വർഷത്തിലെ എ.യു.പി.സ്കൂൾ ഞാങ്ങാട്ടൂർ സ്കൂളിന്റെ തസ്തിക നിർണ്ണയ ഉത്തരവിനെതിരെ, ഉർദു തസ്തിക അനുവദിക്കുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് ടി സ്കൂൾ മാനേജർ പാലക്കാട് വി.ഉപ.ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും, തുടർന്ന് പാലക്കാട് വി.ഉപ.ഡയറക്ടറുടെ നിർദ്ദേശത്തെ തുടർന്ന് 21/10/2016 ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിച്ചു. സ്കൂൾ സന്ദർശനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്കൂളിൽ ഉർദു പഠിപ്പിക്കുന്നില്ലെന്നും അനധികൃതമായി ഉറുദു തസ്തികയുണ്ടാക്കിയതാണെന്നും സംശയിക്കുന്നതായും അധികമായി സൃഷ്ടിക്കുന്ന ഉറുദു തസ്തിക സർക്കാരിനു സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണ് എന്നാണു പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചത്. മേൽ കാലയളവിൽ സേവനത്തിൽ ഉണ്ടായിരുന്ന ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ നേരിട്ട് സ്കൂളിൽ ചെന്ന് നടത്തിയ സന്ദർശനത്തിൽ ഉറുദു പഠിക്കുന്ന വിദ്യാർത്ഥികളില്ല എന്ന് ബോധ്യപ്പെട്ടിരുന്നു. തുടർന്ന് 01/12/2016 ലെ ബി3 /13390/2016/കെ.ഡിസ്, നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് വി.ഉപ.ഡയറക്ടർ മാനേജരുടെ അപ്പീൽ , ഉറുദു വിദ്യാർത്ഥികളുടെ വിശദാംശം ,യു.ഐ.ഡി സ്റ്റേങ്ങ്ത് എന്നിവ സംബന്ധിച്ചും സ്കൂൾ രേഖകൾ പരിശോധിച്ചതിൽ വ്യക്തതയില്ലാത്തതിനാലും നിരസിച്ച് ഉത്തരവാകുകയാണുണ്ടായത്.

10. തസ്തികനിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കുന്ന സന്ദർഭത്തിൽ ടി സ്കൂളിൽ 2015-16 വർഷത്തിൽ ഉറുദു പഠിക്കുന്ന കുട്ടികൾ ഉണ്ടെന്ന് ബോധ്യപ്പെട്ടിരുന്നില്ല. ആയതിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയ ഉത്തരവിൽ ഉറുദു തസ്തിക ( Appendix)അനുവദിക്കാത്തതിനാലാണ് മാനേജർ ഈ വിഷയത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചത്. തുടർന്നുള്ള പരിശോധനയിലും ടി സ്കൂളിൽ 2015-2016 വർഷത്തിൽ ഉറുദു പഠിക്കുന്ന വിദ്യാർത്ഥികളില്ല എന്ന് ബോധ്യപ്പെട്ടതായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

11. തസ്തിക നിർണ്ണയ റിപ്പോർട്ടുകൾ തസ്തികകൾ അനുവദിക്കുന്നതിനുള്ള ആധികാരിക രേഖയായി കണക്കാക്കുന്നത് എങ്കിലും 2011-12 മുതൽ 2015-16 വരെയുള്ള 5 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവുകൾ വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ തയ്യാറാക്കേണ്ടി വന്നപ്പോൾ 31/03/2016 ൽ ഇറക്കിയ തസ്തിക നിർണ്ണയ ഉത്തരവിനു അവലംബമാക്കിയത് സ്കൂളിൽ നിന്നും ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രമാണെന്നും സ്കൂളിൽ നിന്ന് ലഭിച്ച കണക്ക് പ്രകാരം 2015-16 വർഷത്തിൽ 29 കുട്ടികൾ ഉള്ളതായി UID ലിസ്റ്റിൽ രേഖപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ അബദ്ധവശാൽ ഉറുദു പഠിക്കുന്ന കുട്ടികളുടെ എണ്ണം ഉത്തരവിൽ രേഖപ്പെടുത്തിയതാണെന്നും യു.ഐ.ഡി ലിസ്റ്റിൽ ഉറുദു പഠിക്കുന്ന കുട്ടികളുടെ വിശദവിവരമോ രക്ഷിതാക്കളിൽ നിന്നുള്ള സമ്മതപത്രമോ സമർപ്പിച്ചിരുന്നില്ലന്നും ആയതു സംബന്ധിച്ചു നടത്തിയ സ്കൂൾ പരിശോധനയിൽ 2015-2016 ൽ ഉറുദു പഠിക്കുന്നതിന്

വിദ്യാർത്ഥികളില്ലെന്ന് ബോധ്യപ്പെട്ടതായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ 01/06/2015 പ്രാബല്യത്തിൽ തന്റെ പാർട്ട്ടൈം ഉറുദു തസ്തികയിലെ നിയമനത്തിന് അംഗീകാരം നൽകണമെന്ന ഹർജിക്കാരന്റെ ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം റിട്ട് ഹർജി നം .11467/2021 മേലുള്ള പരാമർശം 3 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, സിവിൽ സ്റ്റേഷൻ, പാലക്കാട്- 678 001

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട്- 679 101

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,തൃത്താല, പാലക്കാട്- 678 534

മൊയ്തീൻ.എം.വി, ജൂനിയർ ഉറുദു ടീച്ചർ(പാർട്ട്ടൈം),എ.യു.പി സ്കൂൾ ഞാങ്ങാട്ടൂർ, പാലക്കാട്- 679 303

എക്സ് ഒഫിഷ്യോ മാനേജർ & ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,തൃത്താല, പാലക്കാട്- 679 534

ഹെഡ് മാസ്റ്റർ, എ.യു.പി സ്കൂൾ ഞാങ്ങാട്ടൂർ, പാലക്കാട്- 679 303

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 10-02-2022 16:43:06**
സെക്ഷൻ ഓഫീസർ